ശ്രീ. കെ. എ. ദാമോദരമേനോൻ : ഏതെല്ലാം സ്ഥലത്തെ സംബന്ധിച്ചാണ് പ്രപ്പോസൽ ഉള്ളതെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ഹമീദാലി ഷംനാഡ് : ടൗൺഷിപ്പും, മുനിസിപ്പാലിറ്റിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതാതു് ആക്റ്റുകൾ വായിച്ചാൽ മനസ്സിലാകും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ഉദ്ദേശം സംബന്ധിച്ചു ബന്ധപ്പെട്ട പഞ്ചായത്തു പ്രസിഡണ്ടുമാരെയും, മറ്റാളുകളെയും വിളിച്ചുകൂട്ടി ഒരു തീരുമാനമെടുക്കുവാൻ നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : തീരുമാനം എടുക്കുന്നതിനുമുൻപു് ബന്ധപ്പെട്ട ആളുകളുമായി ചർച്ച നടത്തുന്നതിനു വിരോധമില്ല.

ശ്രീ. പി. സി. രാഘവൻ നായർ : കോഴിക്കോടു താലൂക്കിൽ മാവൂർ എന്ന സ്ഥലത്തു് ഒരു ടൗൺഷിപ്പു് രൂപീകരിക്കുവാൻ ആലോചനയുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : മാവൂരിൽ ഒരു ടൗൺഷിച്ചു് ഉണ്ടാക്കണമെന്നു് നിർദ്ദേശം കിട്ടിയിട്ടുണ്ടോ എന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. അബ്ദുൽഖാദർ : ഏലൂർ ടൗൺഷിപ്പു് ഏർപ്പെടുത്തുന്ന കാര്യത്തിൽ ആ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ എം. എൽ. എ. യുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ആ അഭിപ്രായം എന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. യാണു് ഈ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി. അതു കൊണ്ടു് അദ്ദേഹത്തിന്റെ അഭിപ്രായം തീർച്ചയായും ഇതിൽ പരിഗണിക്കപ്പെടും.

ശ്രീ. ടി. മുരുകേശൻ : തേവിക്കുളം താലൂകാവിലുള്ള മൂന്നാർ പഞ്ചായത്തെ ടവുൺ-ഷിപ്-ആക മാറ്റണമെന്നു നമ്മുടെ ഗവർമെന്റിക്കു വിണ്ണപ്പങ്കൾ ഏതെങ്കിലും വന്നിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇതിനെപ്പറ്റി സർക്കാരുക്കു proposal ഉണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയൊരു പ്രപ്പോസൽ ഉണ്ടു്.

ശ്രീ. ടി. മുരുകേശൻ : സർ, ഉണ്ടെങ്കിൽ അതു എപ്പോഴുതു നടപ്പെടുമ്പോൾ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിപ്പോൾ ശൊല്ലമുടിയാതു്. പാർക്കലാം.

[തിരുവനന്തപുരം സിറ്റി സർവ്വീസു്.

* 377. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ശ്രദ്ധാഗ്രഹവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി സർവ്വീസു് ലാഭകരമാക്കുന്നതിനുവേണ്ടി ഗവണ്മെന്റു് കൈക്കൊണ്ട നടപടികൾ ഏവ ;

(ബി) 1963-64 വർഷത്തിലെ പ്രവർത്തനഫലമായി സിറ്റി സർവ്വീസിൽ എത്ര തുക ലാഭം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു ;

(സി) എറണാകുളം, മട്ടാഞ്ചേരി പട്ടണങ്ങളിൽ സ്റ്റേറ്റു ട്രാൻസ്പോർട്ടു് സിറ്റി സർവ്വീസു് ആരംഭിക്കുന്നതിനു് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) യാത്രക്കാർ കുറവുള്ള റൂട്ടുകളിലും, സമയങ്ങളിലും സർവ്വീസുകൾ കുറച്ചിട്ടുണ്ട്.

(ബി) ലാഭം കിട്ടുമെന്ന പ്രതീക്ഷിക്കുന്നില്ല.

(സി) തൽക്കാലം പദ്ധതിയൊന്നുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : നഷ്ടം എത്രകുണ്ട് നികത്താൻ കഴിയുമെന്ന പറയാമോ ? റൂട്ടുകൾ കുറച്ചു എന്നുള്ളതൊഴിച്ച് വേറെ വല്ല പരിഷ്കാരവും നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒരു ചെറിയ ശതമാനം വരവു കൂടിയിട്ടുണ്ട്. എന്നാൽ ടാക്സിന്റെ വർദ്ധനവുകൊണ്ടും എക്സൈസ് ഡ്യൂട്ടികൊണ്ടും നഷ്ടം വലുതായി നികത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. സിറ്റിയിലാണെങ്കിൽ മോട്ടാർ ഓടുന്ന നാഴികയുടെ കണക്കു നോക്കുമ്പോൾ കൊല്ലംതോറും അഞ്ചെട്ടു ശതമാനം കൂടുന്നുണ്ട്. അതനുസരിച്ചു വരവു വർദ്ധിക്കാത്തതുകൊണ്ട് വലിയ തോതിൽ നഷ്ടം നികത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. പിന്നെ സ്റ്റാർട്ടിംഗ് പോയിന്റ് ഈസ്റ്റഫോർട്ട മാത്രമെന്നുള്ളതു മാറ്റി മറ്റ് സെൻട്രൽ പ്ലേസ് കിട്ടിയാൽ അവിടേയും സ്റ്റാർട്ടിംഗ് പോയിന്റ് ആക്കണമെന്ന വിചാരിക്കുന്നുണ്ട്.

ശ്രീ. എസ്. കുമാരൻ : ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുമുമ്പും ഇപ്പോഴുള്ള നഷ്ടത്തിന്റെ തോതു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിപ്പോൾ പറയാൻ സാധിക്കുകയില്ല. വരുമാനം കൂടിയിട്ടുണ്ട്. പക്ഷേ അതു ടാക്സുവർദ്ധനവുകൊണ്ട് തട്ടിക്കഴിച്ചു പോകുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : നഷ്ടം പരിഹരിക്കുന്നതിനു ഇപ്പോൾ പറഞ്ഞ നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെയും, ഡിപ്പാർട്ടമെന്റിന്റെയും പരിഗണനയിൽ ഇരിക്കുന്നുണ്ടെന്നാണു മുമ്പു പറഞ്ഞിട്ടുള്ളതു്. ഇപ്പോൾ സർവ്വീസുകൾ കുറച്ചു എന്നുള്ളതൊഴിച്ചു് മറ്റെന്തെങ്കിലും നടപ്പിലാക്കുന്നതിനു ശ്രമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : സ്റ്റാർട്ടിംഗ് പോയിന്റ് സെൻട്രൽ പ്ലേസിലേക്കു മാറ്റുന്നതല്ലാതെകാര്യമായി മാറ്റമൊന്നും പറയാനില്ല എല്ലാസ്ഥലത്തും സിറ്റി സർവ്വീസ് വേണമെന്ന നിവേദനം കിട്ടുന്നുണ്ട്. സിറ്റി സർവ്വീസായതുകൊണ്ട് ഇടയ്ക്കിടയ്ക്കു സ്റ്റോപ്പുകൾ കാണും. അതുകൊണ്ടു് മറ്റു് സർവ്വീസുപോലെ വളരെ വേഗത്തിൽ ഓടിക്കാൻ സാധിക്കുകയില്ല. മറ്റു ബസ്സുകളെ അപേക്ഷിച്ചു് സിറ്റി സർവ്വീസിനു് 40 നയാപൈസ മൈലിനു കൂടുതൽ ചെലവു വരും. ഇടയ്ക്കിടയ്ക്കു നിറുത്തേണ്ടിവരുന്നതുകൊണ്ടു് തേയ്മാനം കൂടുതൽ വരുന്നതാണു് ഇതിനു കാരണം. സാധാരണ ബസ് 150 നാഴിക ഓടുമ്പോൾ സിറ്റിയിൽ 90 നാഴികയേ ഓടുകയുള്ളൂ. ഈ വക കാരണംകൊണ്ടാണു് സിറ്റി സർവ്വീസ് ലാഭകരമായി നടത്താൻ വിഷമമായി വരുന്നതു്.

ശ്രീ. എസ്. കുമാരൻ : പ്രൈവറ്റ് ഉടമകൾ നടത്തുന്ന സിറ്റിസർവ്വീസും ഇതുപോലെ ഇടയ്ക്കിടയ്ക്കു നിറുത്തിത്തന്നെയാണു് നടത്തുന്നതു്. അവർ ലാഭകരമായി നടത്തുമ്പോൾ ഗവണ്മെന്റു് നടത്തുന്നതു് നഷ്ടംവരുന്നതെന്തുകൊണ്ടാണെന്നു പരിഗണിക്കേണ്ടതുണ്ടു്. ആളുകൾക്കു് ശ്വാസം മുട്ടത്തക്ക നിലയിൽ ഓവർലോഡ് കയറ്റിയിട്ടും നഷ്ടംവരുന്നതു് അടിസ്ഥാനപരമായ എന്തോ തകരാറുകൊണ്ടാണെന്നു മനസ്സിലാക്കി അതു പരിഹരിക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ : പ്രൈവറ്റ് സെക്ടറിൽ ഇത്രയും ചെലവു വരുന്നില്ലെന്നുള്ളതാണു് പ്രധാന കാരണം. ഇവിടെ ചെലവു നിത്യേന കൂടി

LIBRARY ARCHIVES Kerala Legislative Assembly

വരുകയാണു്. സക്കാർ സവ്വീസായതുകൊണ്ടു് ജോലിക്കാക്കു് കൊല്ലംതോറും ഇൻക്രിമെൻറു് കൊടുക്കുന്നതുകൊണ്ടുമെല്ലാം ചെലവു കൂടിവരുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പല സ്റ്റോറുകളിലും ഗവണ്മെൻറു് ആഭിമുഖ്യത്തിൽതന്നെ ലാഭകരമായി സവ്വീസു് നടത്തുന്നുണ്ടു്. അതു പരിശോധിച്ചു് നമ്മുടെ സ്റ്റോറിൽ നഷ്ടം വരാതിരിക്കുന്നതിനുള്ള പരിശോധനകളും നടത്തുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു നിത്യേന നടത്തിക്കൊണ്ടുവരികയാണു്. മദ്രാസു് സ്റ്റോറിലും സിറിസവ്വീസു് ലാഭകരമല്ല. അല്പം നഷ്ടത്തിലാണു് നടക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ : ഡബിംഡെക്കർ ഓടുന്നതു വളരെ നഷ്ടത്തിലാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു ശരിയാണു്.. ഒരു പക്ഷേ ഡബിംഡെക്കർ സവ്വീസു് നഷ്ടമാണെങ്കിലും തുടരണമെന്നു വിചാരിച്ചു് ഓടിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഡൽഹി ട്രാൻസ്പോർട്ടു് കാർപ്പൊറേഷൻ ഈ ബസ്സുകളും ആവശ്യപ്പെട്ടിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ ; ഇവിടെ നഷ്ടത്തിലാണെങ്കിൽ നാം വാങ്ങിയ വിലയിൽ വലിയ കുറവില്ലാതെ അവർക്കു കൊടുക്കുന്നതല്ലേ നല്ലതു് ?

ശ്രീ. കെ. ടി. അച്യുതൻ : അവർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഡബിംഡെക്കർ ഇവിടെ തലസ്ഥാനനഗരിയിൽ അന്തസ്സായി ഓടുന്ന ഏർപ്പാടു് നിറുത്തേണ്ടയെന്നുവിചാരിച്ചു് തുടരുകയാണു്.

ശ്രീ. സി. എം. കുട്ടി : ബോഗസു് ടിക്കറ്റുകളും ഉപയോഗിക്കുന്നസംപ്രദായം ട്രാൻസ്പോർട്ടു സവ്വീസിൽ ഉണ്ടെന്നു പത്രത്തിൽ ഉണ്ടായിരുന്നു. സിറിസവ്വീസിലും അങ്ങനെയുണ്ടോ എന്നു നോക്കുന്നതിനു് പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോഴുമതന്നെ ഫ്ളൈയിംഗ്സ്കാഡു് ഉണ്ടു്. അങ്ങനെയുള്ള ടിക്കറ്റുവിൽപനയൊന്നുമില്ല. കുറെ മുമ്പു് അങ്ങനെയൊരു ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തുകയും രണ്ടുപേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ഡബിംഡെക്കർ മൂന്നു നിലയാക്കുകൂടി നഷ്ടംവരുത്തിയാൽ ഈ അന്തസു് കൂട്ടുകയല്ലേ ചെയ്യുക.

ശ്രീ. കെ. ടി. അച്യുതൻ : വളന്നുവളർന്നുപോകുമ്പോൾ നിലകൂടി കൂട്ടുന്ന പതിവുണ്ടു്. പല രാജ്യങ്ങളിലും അങ്ങനെയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മറുജില്ലാ തലസ്ഥാനങ്ങളിലുംകൂടി ഡബിംഡെക്കർ അന്തസായിഓടിക്കുന്നതിനു് നടപടിയെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : തൽക്കാലം നിവൃത്തിയില്ല.

സ്വർണ്ണതൊഴിലാളികൾ.

* 378. [321] ശ്രീ. എസ്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലാകെ എത്ര സ്വർണ്ണതൊഴിലാളികളുണ്ടെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly